Minister for Public Health (Dr. A. R. Menon) :

(a) Two batches.

(b) Ly the Department,

(c) They were appointed as Health Visitors.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മേലാലെങ്കിലും ഇവരുടെ തിരഞ്ഞെടുപ്പു സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഇല്ല. ഡയറക്ടർ, അസിസ്റ്റൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഇവരടങ്ങിയ ഒരു കമ്മറിയാണ് ഇപ്പോൾ തെരഞ്ഞെടുപ്പു നടത്തുന്നത്. ഇതിനേക്കാൾ നല്ലതായിട്ട്, ഒരു കമ്മിറിയെ കിട്ടുകയില്ല. ഈ കമ്മിറിയോടുള്ള വിശ്വാസം എനിക്കു വേറെ ആരിലുമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പല ഡിപ്പാർട്ടുമെൻറുകളിലെയും സൂപ്രണ്ട് മുതൽക്കുള്ള എല്ലാ ഉദ്യോഗങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പു കൂടി സർവീസ് കമ്മീഷനെ വിട്ടുകൊടുത്തിട്ടുള്ള നിലയ്ക്കു എന്തുകൊണ്ടും ഉത്തരവാദത്തോടുകൂടി ചെയ്യേണ്ട ഈ തിരഞ്ഞെടുപ്പും സർവീസ് കമ്മീഷനെ വിട്ടുകൊടുക്കുവാൻ വിരോധമുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഇതിലേയ്ക്കുള്ള തിരഞ്ഞെടുപ്പു സർവീസ് കമ്മീഷനെ വിട്ടുകൊടുത്താൽ ന്യായമായ ആളുകൾക്കു പ്രമോഷൻ കൊടുക്കാൻ സാധ്യമല്ലാതെ വരും. മുമ്പ് എഴുപതു എൺപതു സ്ത്രീകളെ മാറിനിറുത്തിയിരുന്നു. അവരെ ഇപ്പോൾ തിരിച്ചെടുത്തിരിക്കുകയാണ്. പല മെമ്പർമാരും എന്നെവന്നു ഈ കാര്യത്തിൽ ബഹുമുട്ടിക്കാറുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഏതെല്ലാം മെമ്പറന്മാരാണ് അതെന്നു പറയാമോ ?

ഡാക്ടർ എ. ആർ. മേനോൻ : പല മെമ്പറന്മാരും ഉണ്ട്. പേരു ഞാൻ പറയുന്നില്ല.

ശ്രീ. ഇ. പി. ഇയ്യപ്പൻ : പല മെമ്പറന്മാരും എന്നു പൊതുവെ ഇങ്ങനെ മന്ത്രി പറയുന്നതു ശരിയല്ല. ആ മെമ്പറുടെ പേരു പറയുകയാണു വേണ്ടതു.

ഡാക്ടർ എ. ആർ. മേനോൻ : പേരു ഞാൻ പറയുന്നില്ല.

ഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ പ്രമോഷൻ.

* 1816. [32] ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർസ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്ന ഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ പ്രമോഷൻ സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) ഇത്തരം അദ്ധ്യാപകരിൽ ടി. ടി. സി. പാസ്സായിട്ടുള്ളവർക്ക് പ്രത്യേക പരിഗണന വല്ലതും ഉണ്ടോ; അവരെ ബി. ടി. പരിശീലനത്തിൽ നിന്നു ഒഴിവാക്കുമോ; ഇവർക്ക് ഒരു പ്രത്യേക ഹ്രസ്വകാല പരിശീലനം ഏർപ്പെടുത്താൻ ആലോചനയുണ്ടോ;

(സി) ഇത്തരം എത്ര അദ്ധ്യാപകർ ഇന്നു സർക്കാർസ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഇവരിൽ ഏറ്റവും കൂടുതൽ സർവീസ് എത്ര കൊല്ലംവരെയുള്ളവരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സപ്ലീസിലുള്ള ഇത്തരം അദ്ധ്യാപകരെ അവഗണിച്ച് ഗ്രാഡുവേറ്റ്സിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ;

(എഫ്) "Untrained graduates are to be treated on a par with trained undergraduates" എന്ന ചട്ടം ഇന്നും നിലവിലില്ലേ;

(ജി) എറണാകുളം എസ്സ്. ആർ. വി. എച്ച്. എസ്സ്-ൽ ജോലി ചെയ്യുന്ന കെ. വി. ദേവസ്സി എന്ന ടി. ടി. സി. പാസ്സായ ഗ്രാഡുവേറ്റ് അദ്ധ്യാപകനു് ഈ ആനുകൂല്യം നിഷേധിക്കുവാൻ കാരണമെന്തു്; ഈ അദ്ധ്യാപകനു് എത്ര സപ്ലീസുണ്ടു്;

(എച്ച്) വടക്കഞ്ചേരി എച്ച്. എസ്സ്-ൽ ജോലി ചെയ്യുന്ന വി. കൊയ്തീൻഷാ എന്ന ഇത്തരം അദ്ധ്യാപകനു് എത്ര സപ്ലീസുണ്ടു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) പത്തുകൊല്ലം അദ്ധ്യാപകസപ്ലീസുള്ള പ്രൈമറിസ്കൂളിലെ ഗ്രാഡുവേറ്റുകളെയാണു് സപ്ലീസ് കമ്മീഷൻ സെക്കണ്ടറി അദ്ധ്യാപകന്മാരായി തിരഞ്ഞെടുത്തിട്ടുള്ളതു്. ഡിഗ്രി പാസ്സായിട്ടുള്ളവർക്കു് പ്രമോഷൻ നൽകിയിട്ടുണ്ടു്.

(ബി) ഇല്ല.
(സി) 35
(ഡി) 19
(ഇ) അവഗണിച്ചു നിയമിച്ചിട്ടില്ല.
(എഫ്) ഇല്ല.
(ജി) ചോദ്യം ഉദിക്കുന്നില്ല.
(എച്ച്) 12 കൊല്ലം 7 മാസം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: എറണാകുളം എസ്. ആർ. വി. എച്ച്. എസ്-ൽ ജോലി ചെയ്യുന്ന കെ. വി. ദേവസ്സി എന്ന അദ്ധ്യാപകനു് എത്ര കൊല്ലം സപ്ലീസുണ്ടു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: 11 കൊല്ലം 11 മാസം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പബ്ലിക്ക് സപ്ലീസ് കമ്മീഷനിൽനിന്നും നിയമിച്ചു ആറുകൊല്ലം ജോലി കൊടുക്കാത്ത അവരുടെ മുകളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽനിന്നും തിരഞ്ഞെടുത്തയാളെ നിയമിക്കുവാൻ കാരണമെന്താണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സപ്ലീസ് കമ്മീഷനിൽനിന്നും എടുത്ത ആളെ പിരിച്ചുവിട്ടതിനു ശേഷമായിരിക്കാം എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽനിന്നുള്ള ആളെ എടുത്തതു്.

SHORT NOTICE QUESTIONS AND ANSWERS.

പോളിടെക്നിക്കുകളിലേക്കു് പ്രവേശനത്തിനു് അപേക്ഷിക്കേണ്ട തീയതി.

* 1817. [20] ശ്രീ. എം. ഗോപാലൻകുട്ടി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറിലെ പോളിടെക്നിക്കുകളിലേക്കു പ്രവേശനത്തിനു് അപേക്ഷിക്കേണ്ട അവസാന തീയതി എന്നാണു്;

(ബി) ഇതിനെ സംബന്ധിച്ചു പരസ്യങ്ങൾ സാധാരണപോലെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly